## ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അങ്ങ് ഇല്ലാതിരുന്ന സന്ദർഭത്തിൽ, പാനൽ ഓഫ് ചെയർമാൻ അദ്ധ്യക്ഷതയിലിരുന്ന അവസരത്തിൽ ഇവിടെ ഭരണകക്ഷിയിലെ ഒരംഗം അഴിമതിയെ സംബന്ധിച്ച് ഉന്നയിച്ചു. അതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി അയച്ചിരുന്നു. സഭയിലെ അംഗങ്ങളടങ്ങുന്ന ഒരു അന്വേഷണ സമിതി ഇതേപ്പറ്റി അന്വേഷിക്കാൻ തയ്യാറാകണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. വസ്തുതകളെല്ലാം ഒന്നൊന്നായി തരാൻ തയ്യാറാണെന്ന് ശ്രീ. ഗണേഷ് കുമാർ ഈ സഭയിൽ പറയുകയുണ്ടായി. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണ്, ഇന്ന് ലോക അഴിമതിവിരുദ്ധദിനമാണ്. അതുസംബന്ധിച്ചുള്ള മന്ത്രിമാരുടെയെല്ലാം ഓഫീസുകളിൽ ഉദ്യോഗസ്ഥരെല്ലാം കൂടി പ്രതിജ്ഞ ചെയ്യുന്നതാണെന്ന് അറിയാൻ കഴിഞ്ഞു. ഈ കാര്യത്തെ സംബന്ധിച്ച് ഭരണകക്ഷി അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിന് അനുഭവങ്ങൾ കുറച്ചുമുമ്പ് ഇവിടെ വിവരിച്ചു. തെളിവ് സഹിതം അദ്ദേഹം പറയുകയുണ്ടായി. അതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അഭിപ്രായമെന്താണ്?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): അദ്ദേഹം ഉന്നയിച്ചു. മന്ത്രി അത് നിഷേധിച്ചു. ഇനി അതിനെ സംബന്ധിച്ചിടത്തോളം എന്തൊക്കെയാണ് അതിന്റെ സ്ഥിതിയെന്ന് പരിശോധിച്ചുമാത്രമേ ഗവൺമെന്റിന് പറയാൻ സാധിക്കുകയുള്ളൂ. അത് പരിശോധിക്കും. അതിനുശേഷം അത് സംബന്ധിച്ചുള്ള തീരുമാനമെടുക്കും. ...........(ബഹളം)...........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഒരു നിയമസഭാ കമ്മിറ്റിയെ നിയമിച്ച്...... (ബഹളം)...........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>:...........(ബഹളം)........... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന് മറുപടിയും പറഞ്ഞു. ഇനി അതിനെപ്പറ്റി ചർച്ചയില്ല. ഇനി അതിനെപ്പറ്റി ചർച്ചയില്ല. ...........(ബഹളം)...... ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, നിയമസഭാ വേദിയിൽ ഒരടിസ്ഥാനവുമില്ലാതെ ഏത് ആരോപണവും ഉന്നയിക്കാമെന്നാണോ ധരിക്കുന്നത്; അത് ശരിയല്ല. ആവശ്യത്തിൽക്കൂടുതൽ പബ്ലിസിറ്റി കിട്ടുന്നുവെന്ന് പറഞ്ഞ് ഒരടിസ്ഥാനവുമില്ലാത്ത ആരോപണം

നിയമസഭാവേദികളിൽ ഉന്നയിക്കുന്നത് ശരിയല്ല. അത് അനുവദിക്കാൻ സാദ്ധ്യമല്ല. യെസ്...യെസ്.....(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)